(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) ടൂറിസം വികസനത്തിന് ഇത് എങ്ങനെ പ്രയോജനപ്പെടുത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) ഇത് നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സാമൂഹിക ടൂറിസത്തിന്റെ പ്രചാരണാർത്ഥം ടൂറിസം സീസണിൽ 'ഉത്സവം' എന്ന പരിപാടി കഴിഞ്ഞ ആറ് വർഷങ്ങളായി സംഘടിപ്പിച്ചുവരുന്നുണ്ട്.

(ബി) അന്യംനിന്നുപോകുന്നതും അവഗണിക്കപ്പെടുന്നതുമായ തനതു കലകളുടെ സംരക്ഷണവും പ്രചാരണവുമാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(സി) 'ഉത്സവം' പരിപാടി എല്ലാ ജില്ലകളിലും സംഘടിപ്പിക്കുന്നതിനാൽ വിനോദസഞ്ചാരികൾക്ക് നമ്മുടെ തനത് അനുഷ്ഠാന കലകളെ അടുത്തറിയാനും കലാകാരന്മാരെ പരിചയപ്പെടാനും കേരളത്തിന്റെ കലാസാംസ്കാരിക പാരമ്പര്യം മനസ്സിലാക്കുവാനും സാധിക്കുന്നു. ടൂറിസം സാധ്യതകളുടെ വികസനത്തിന് ഇത് ഏറെ സഹായകരമാകുന്നു.

(ഡി) ഈ പരിപാടികളുടെ സംഘാടനത്തിന് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എല്ലാ ജില്ലകളിലും ആകർഷകമായ വേദികൾ തെരഞ്ഞെടുത്ത് പരമ്പരാഗത നാടോടി അനുഷ്ഠാനകലകൾ അതാതു മേഖലകളിലെ പ്രഗത്ഭരെ ഉൾപ്പെടുത്തി അവതരിപ്പിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. കേരളാ ഫോക്‌ലോർ അക്കാദമിയുമായി സഹകരിച്ച് ഉത്സവത്തിലേക്ക് കലാരൂപങ്ങളേയും കലാകാരന്മാരേയും തെരഞ്ഞെടുക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

## സോഷ്യൽ ടൂറിസം പദ്ധതി

242 (6947) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സോഷ്യൽ ടൂറിസം പദ്ധതിക്ക് ആരംഭം കുറിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം കലകളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തന രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. വിനോദസഞ്ചാര വകുപ്പ് സാമൂഹിക ടൂറിസപ്രചാരണാർത്ഥം ടൂറിസം സീസണിൽ 'ഉത്സവം' എന്ന പരിപാടി കഴിഞ്ഞ ആറ് വർഷങ്ങളായി സംഘടിപ്പിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Page 2 of 2

(ബി) അന്യംനിന്നുപോകുന്നതും അവഗണിക്കപ്പെടുന്നതുമായ തനതു കലാരൂപങ്ങളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി) 2014-15 വർഷത്തെ 'ഉത്സവ' ത്തിന്റെ പ്രവർത്തന രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**നാട്ടിക മണ്ഡലത്തിലെ ബാക്ക് വാട്ടർ മെഗാ ടൂറിസം പദ്ധതി**

**243 (6948)** ശ്രീമതി ഗീതാ ഗോപി: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നാട്ടിക മണ്ഡലത്തിലെ കായലുകൾ കേന്ദ്രീകരിച്ച് ബാക്ക് വാട്ടർ ടൂറിസം പദ്ധതി നടപ്പാക്കാൻ ആലോചനയുണ്ടോ ; ഇല്ലെങ്കിൽ പദ്ധതികൾ ആവിഷ്ക്കരിക്കുമോ ?

**ഉത്തരം**

പരിശോധിക്കുന്നതാണ്.

**ഉത്തരവാദിത്ത ടൂറിസം പദ്ധതി**

**244 (6949)** ശ്രീ. കെ. അജിത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉത്തരവാദിത്ത ടൂറിസം പദ്ധതിക്ക് സർക്കാർ നിഷ്ക്കർഷിക്കുന്ന നിബന്ധനകൾ എന്തെല്ലാമെന്നും പ്രദേശങ്ങളെ തെരഞ്ഞെടുക്കുന്നതിന് എന്തു മാനദണ്ഡമാണ് സ്വീകരിക്കുന്നതെന്നും വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ ഏതു രീതിയിലാണ് ടൂറിസ്റ്റുകളെ ആകർഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ നടത്തിപ്പ് ഏതുരീതിയിലാണെന്നും ഇതിൽ ടൂറിസം വകുപ്പിന്റെ പങ്ക് ഏതു രീതിയിലാണെന്നും മറ്റേതെങ്കിലും വകുപ്പിനെ ഇതിൽ പങ്കാളികളാക്കുമോ എന്നും വിശദീകരിക്കുമോ ?

**ഉത്തരം**

(എ) സാമൂഹിക, സാമ്പത്തിക പാരിസ്ഥിതിക മേഖലകളിൽ ടൂറിസം പ്രവർത്തനങ്ങൾ മൂലം സൃഷ്ടിക്കപ്പെടുന്ന പ്രതികൂല ഫലങ്ങൾ കുറയ്ക്കുക, സഞ്ചാരികൾക്കും തദ്ദേശീയർക്കും ഒരുപോലെ ടൂറിസത്തിന്റെ ഗുണഫലങ്ങൾ ലഭ്യമാക്കുക, പദ്ധതി നടപ്പാക്കുന്ന ടൂറിസം കേന്ദ്രങ്ങളുടെ സമീപ പ്രദേശങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി നിർവ്വഹണത്തിൽ

LIBRARY ARCHIVES Kerala Legislative Assembly